# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *13.

26.09.2016 - ൽ മറുപടിയ്ക്ക്

### വനിതാ സെല്ലുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പോലീസ് വകുപ്പിന്റെ കീഴിലുള്ള വനിതാ സെല്ലുകളുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന വനിതാ സെല്ലുകളിൽ വനിതാ ഇൻസ്പെക്ടറുടെ കീഴിൽ ആവശ്യമായ വനിതാ പോലീസുദ്യോഗസ്ഥരെ നിയമിച്ച് ടെലഫോൺ, വാഹന സൗകര്യം എന്നിവ നൽകി ജില്ലാ പോലീസ് ഓഫീസുകളോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്നു. ടി സെല്ലുകൾക്ക് കൺട്രോൾ റൂം മാതൃകയിൽ 1091 ടോൾ ഫ്രീ നമ്പരോട് കൂടിയ വനിതാ ഹെൽപ്പ് ലൈനും, മറ്റും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ സെല്ലുകളോടനുബന്ധിച്ച് കൗൺസലിംഗ് സെൻററുകൾ നടത്തുന്നതിന് സംസ്ഥാന പ്ലാൻ പദ്ധതിയിൽ 44 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ടി തുക 19 യൂണിറ്റിലെയും രണ്ട് വീതം വനിതാ കൗൺസിലർമാർക്കും സംസ്ഥാന വനിതാ സെല്ലിലെ ഒരു ക്ലാർക്കിനും വേതനം നൽകുന്നതിനും ചെലവഴിക്കുന്നതാണ്.<br><br>കൂടാതെ, സംസ്ഥാന വനിതാ പോലീസ് സെല്ലിൽ ഡി.വൈ.എസ്.പി റാങ്കിൽ ഉള്ള ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥ അടക്കം വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ച് സംസ്ഥാന വനിതാ പോലീസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. |
| (ബി) വനിതാ സെല്ലുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓഫീസ് മുറി, ഫോൺ, വാഹനം തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വനിതാ സെല്ലുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി ഓഫീസ് മുറി, വാഹനം, ഫോൺ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) വനിതാ സെൽ കം ഹെൽപ്പ് ലൈനിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;<br><br>(ഡി) എല്ലാ ജില്ലകളിലും വനിതാ സെല്ലുകളോട് അനുബന്ധമായി വിശ്രമസൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (സി) & (ഡി) | വനിതാ സെല്ലുകളോടനുബന്ധിച്ച് പ്രവർത്തിച്ചു വരുന്ന ഹെൽപ്പ് ലൈനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അനുബന്ധമായി വിശ്രമ സൗകര്യം മെച്ചപ്പെടുത്തുന്നതിനും ആകെ 125 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലകളിലും വനിതാ സെല്ലുകളോട് അനുബന്ധമായി വിശ്രമ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Rajani M

സെക്ഷൻ ഓഫീസർ